പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1061 | 14.6.2012-ൽ മറുപടിക്കുള്ളത്

കുറുമത്തൂർ ഗവൺമെന്റ് ഐ.ടി.ഐ -യ്ക്ക് ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തളിപ്പറമ്പ് മണ്ഡലത്തിലെ കുറുമത്തൂർ ഗവൺമെന്റ് ഐ. ടി. ഐയ്ക്ക് കെട്ടിടം പണിയുന്നതിന് ഭൂമി ലഭ്യമാക്കുന്നതിലേയ്ക്കായി എപ്പോഴാണ് നടപടികൾ ആരംഭിച്ചത് എന്നതും ഇക്കാര്യത്തിൽ ഇതുവരെ റവന്യൂ വകുപ്പിൽ നിന്നും ലാന്റ് റവന്യൂ കമ്മിഷണറേറ്റിൽ നിന്നും കണ്ണൂർ കളക്ട്രേറ്റിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ; | (എ) | കുറുമത്തൂർ ഗ്രാമപഞ്ചായത്തിൽ റസിഡൻഷ്യൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് കുറുമത്തൂർ പഞ്ചായത്ത് പ്രസിഡന്റ് 19.6.06-ൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ, 02.08.06 ലെ 51704/എൻ3/06/റവന്യൂ നമ്പർ കത്ത് പ്രകാരം റിപ്പോർട്ടിനായി ലാന്റ് ബോർഡ് സെക്രട്ടറിയ്ക്ക് ലഭ്യമാക്കുകയും പ്രസ്തുത അപേക്ഷയിൻമേൽ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് ബോർഡ് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക്, പന്നിയൂർ അംശം, കൂനംദേശം റീസർവ്വേ 1/എ2-ൽ പ്പെട്ട 15 ഏക്കർ മിച്ചഭൂമി റസിഡൻഷ്യൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് കമ്പോളവില ഈടാക്കി കൈമാറുന്നതിനുള്ള ശുപാർശ സർക്കാരിന് നൽകിയിരുന്നു. എന്നാൽ കമ്പോളവില പുനർനിർണ്ണയിച്ചും, കമ്പോളവില അടയ്ക്കുവാനുള്ള പഞ്ചായത്ത് അധികൃതരുടെ സന്നദ്ധത രേഖപ്പെടുത്തിയുമുള്ള റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടതനുസരിച്ച് വിശദമായ ഭൂമി കൈമാറ്റ ശുപാർശ ലാൻറ് ബോർഡ് സെക്രട്ടറി 26.3.2010-ൽ സമർപ്പിക്കുകയുണ്ടായി. കൈമാറ്റം ചെയ്യുവാൻ ഉദ്ദേശിക്കുന്ന 15 ഏക്കർ മിച്ചഭൂമിക്ക് കമ്പോളവില അടയ്ക്കുവാൻ തയ്യാറാണെന്നുള്ള കുറുമത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം |

സഹിതം ആയിരുന്നു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്.

തുടർന്ന് റസിഡൻഷ്യൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ മിനിമം സ്ഥലം എത്രയാണെന്ന് വ്യക്തമാക്കുവാൻ ലാന്റ് ബോർഡ് സെക്രട്ടറിയോട് സർക്കാർ ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം അന്വേഷണം നടത്തി ഹോസ്റ്റൽ സൗകര്യത്തോടുകൂടി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് കുറഞ്ഞത് 10 ഏക്കർ സ്ഥലമാണ് വേണ്ടതെന്ന് ലാന്റ് ബോർഡ് സെക്രട്ടറി 20.8.2011-ൽ സർക്കാരിനെ അറിയിക്കുകയും ചെയ്തു.

സർക്കാർ നിശ്ചയിക്കുന്ന കമ്പോളവില അടയ്ക്കുവാൻ സന്നദ്ധമാണെന്ന് കുറുമത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിച്ചുവരുന്ന അവസരത്തിൽ തുക ഒടുക്കുവാൻ കഴിവില്ലാത്തതിനാൽ കമ്പോളവില അടയ്ക്കുന്നത് ഒഴിവാക്കി പ്രസ്തുത സ്ഥലം 99 വർഷത്തേക്ക് പാട്ടത്തിന് നൽകണമെന്ന് കുറുമത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യത്തിൻമേൽ അഭിപ്രായം അറിയിക്കുവാൻ 27.09.2011-ലെ 22222/എൻ3/10/റവന്യൂ നമ്പർ കത്ത് പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറിയോട് സർക്കാർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത ആവശ്യത്തിൻമേൽ ഇതുവരെയും റിപ്പോർട്ട് ലഭ്യമായിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടിയുടെ സ്വഭാവും അറിയിക്കുമോ; | (ബി) യും (സി) യും | സർക്കാർ നിശ്ചയിക്കുന്ന കമ്പോളവില അടയ്ക്കുവാൻ സന്നദ്ധമാണെന്ന് കുറുമത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിച്ചുവരുന്ന അവസരത്തിൽ തുക ഒടുക്കുവാൻ |

(സി) നടപടികൾ പൂർത്തീകരിച്ച് എന്ന് ഭൂമി ലഭ്യമാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

കഴിവില്ലാത്തതിനാൽ കമ്പോളവില അടയ്ക്കുന്നത് ഒഴിവാക്കി പ്രസ്തുത സ്ഥലം 99 വർഷത്തേക്ക് പാട്ടത്തിന് നൽകണമെന്ന് കുറുമത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യത്തിൻമേൽ അഭിപ്രായം അറിയിക്കുവാൻ 27.09.2011-ലെ 22222/എൻ3/10/റവന്യൂ നമ്പർ കത്ത് പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറിയോട് സർക്കാർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത ആവശ്യത്തിൻമേൽ ഇതുവരെയും റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭൂമി ലഭ്യമാക്കുന്ന നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ